**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4892. 27.10.2016 -ലെ മറുപടിയ്ക്ക്

**യൂണിവേഴ്സിറ്റികളിലെ ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നത്**

*ചോദ്യം*

ശ്രീ.എസ്.ശർമ്മ :

*ഉത്തരം*

പ്രൊഫ. സി. രവീന്ദ്രനാഥ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള യൂണിവേഴ്സിറ്റികളിൽ ദിവസ വേതനാടിസ്ഥാനത്തിലും കരാർ വ്യവസ്ഥയിലും ഉള്ള ജീവനക്കാർ ജോലി ചെയ്യുന്ന തസ്തികകളിലെ ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നില്ല എന്ന പരാതി ഉയർന്ന് വന്നിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യം പരിശോധിക്കുന്നതിനും എല്ലാ ഒഴിവുകളും പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുമെന്ന് ഉറപ്പ് വരുത്തുന്നതിനും കർശന നടപടി സ്വീകരിക്കുമോ; | (എ) & (ബി) | കേരള സർവ്വകലാശാലയിൽ അസിസ്റ്റന്റ് തസ്തികയിലെ 232 ഒഴിവുകൽ പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്തതനുസരിച്ച് പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും 232 പേരെ സർവ്വകലാശാലയിൽ അസിസ്റ്റന്റുമാരായി നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അനദ്ധ്യാപക തസ്തികകളിലെ ഒഴിവുകൾ സർവ്വകലാശാല ഓർഡിനൻസ് / സ്റ്റാറ്റ്യൂട്ടുകൾക്ക് വേണ്ട ഭേദഗതികൾ വരുത്തി പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>കാലിക്കറ്റ് സർവ്വകലാശാലയിൽ നിലവിലുള്ള വിവിധ തസ്തികകളിലെ ഒഴിവുകളിൽ റിപ്പോർട്ടു ചെയ്യാവുന്നവ പി.എസ്.സി.യ്ക്ക് റിപ്പോർട്ടു ചെയ്തിട്ടുണ്ട്.<br><br>കണ്ണൂർ സർവ്വകലാശാല അനദ്ധ്യാപക തസ്തികകളിലെ ഒഴിവുകളിലേക്ക് പി.എസ്.സി. വഴി നിയമനത്തിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. അസിസ്റ്റന്റ് തസ്തികയിൽ പി.എസ്.സി നിയമന ശുപാർശനൽകിയ 71 പേരിൽ 67 പേർക്ക് നിയമനം നൽകിയിട്ടുണ്ട്.<br><br>എം.ജി. സർവ്വകലാശാലയിൽ നിലവിൽ ഒഴിവുള്ള എല്ലാ തസ്തികകളും പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ബി) | ഉദ്യോഗാർത്ഥികളുടെ വിഷമാവസ്ഥ പരിഹരിക്കുന്നതിന് മേല്പറഞ്ഞ ഒഴിവുകൾ പൂർണ്ണമായി നികത്തുമെന്ന് ഉറപ്പ് വരുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | | |

കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയിൽ റെഗുലർ തസ്തികകൾ പി.എസ്.സി. യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. താത്കാലികമായി മാത്രം സിൻഡിക്കേറ്റ് അനുവദിച്ച അസിസ്റ്റന്റ് തസ്തികകളും ലീവ് വേക്കൻസികളും പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ല.

നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസിൽ അസിസ്റ്റന്റ് ഗ്രേഡ് II ഒഴിച്ചുള്ള ഒഴിച്ചുള്ള ഒഴിവുകൾ പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

എ.പി.ജെ. അബ്ദുൾ കലാം ടെക്ക്നോളജിക്കൽ സർവ്വകലാശാലയിൽ ജോയിന്റ് രജിസ്ട്രാർ, ഡെപ്യൂട്ടി രജിസ്ട്രാർ, അസിസ്റ്റന്റ് രജിസ്ട്രാർ, സെക്ഷൻ ഓഫീസർ, അസിസ്റ്റന്റ് , ക്ലറിക്കൽ അസിസ്റ്റന്റ് തസ്തികകളിൽ ആക്ടിൽ നിഷ്കർഷിച്ചിട്ടുള്ള സർവ്വകലാശാലകളിൽ നിന്നും ഓപ്ഷൻ മുഖേന നിയമനം നടത്തുവാൻ നിർദ്ദേശിച്ചിരിക്കുന്നു.

തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവ്വകലാശാലയിൽ സ്ഥിരാടിസ്ഥാനത്തിൽ അനദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ചിട്ടില്ല. മലയാള സർവ്വകലാശാലയിൽ സ്ഥിരാടിസ്ഥാനത്തിൽ അനദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിന് തസ്തികകൾ തിട്ടപ്പെടുത്താനും ആവശ്യമായ സ്പെഷ്യൽ റൂളുകൾ തയ്യാറാക്കുവാനും നടപടി സ്വീകരിച്ചിട്ടുണ്ട്.

ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിൽ നിലവിലുള്ള ജോലിഭാരമനുസരിച്ച് ദിവസവേതന അടിസ്ഥാനത്തിൽ വിവിധ തസ്തികകളിലായി 102 പേരും കരാർ അടിസ്ഥാനത്തിൽ 35 പേരും ജോലിചെയ്യുന്നുണ്ട്. ഗവൺമെന്റ്

| | | | |
|---|---|---|---|
| | | | അംഗീകരിച്ചിട്ടുള്ള തസ്തികകളായ പബ്ലിക്കേഷൻ ഓഫീസർ, പ്ലാനിംഗ് & ഡെവലപ്മെന്റ് ഡയറക്ടർ എന്നീ തസ്തികകളിൽ കരാർ അടിസ്ഥാനത്തിൽ ഓരോരുത്തരേയും ഒഴിവുള്ള ഒരു സെക്യൂരിറ്റി ഗാർഡിന്റെ തസ്തികയിൽ ദിവസവേതനാടിസ്ഥാനത്തിൽ ഒരാളേയും നിയമിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**